"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തിരുവനന്തപുരം വികസന അതോറിറ്റിയിലെ മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കുന്നത് - ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2289/2024/LSGD തീയതി,തിരുവനന്തപുരം, 25-11-2024

---

പരാമർശം:-
1. സ.ഉ.(സാധാ)നം.2308/2020/തസ്വഭവ തീയതി 15/12/2020
2. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 06.09.2024-ലെ ഇ1/1246/2019/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

ട്രിഡയിലെ മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയിൽ പൊതുമരാമത്ത് വകുപ്പിലെ സർക്കാരിന്റെ പ്രതിനിധിയായി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്റെ അനുമതി നൽകാവുന്ന പരിധി ട്രിഡയിലെ ചീഫ് എഞ്ചിനീയർക്കും ബാധകമാക്കികൊണ്ട് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതികൾ പോലെയുള്ള ബൃഹത്തായ മരാമത്ത് പ്രവർത്തികൾ ട്രിഡയ്ക്ക് ഏറ്റെടുക്കേണ്ടി വരുന്നതിനാൽ അപ്രകാരമുള്ള പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് PWD (Building) Chief Engineer ചെയർമാനായുള്ള ഒരു ആറംഗ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സൂചന (2) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതികൾ പോലെ 250 ലക്ഷം രൂപക്ക് മുകളിൽ സാങ്കേതികാനുമതി ആവശ്യമുള്ള പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് ചുവടെ പരാമർശിക്കുന്ന ഉദ്യോഗസ്ഥർ അംഗങ്ങളായുള്ള ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | കമ്മിറ്റി അംഗങ്ങൾ | |
|---|---|---|
| 1 | PWD (Building) Chief Engineer | ചെയർമാൻ |
| 2 | TRIDA Chief Engineer | കൺവീനർ |
| 3 | സൂപ്രണ്ടിംഗ് എഞ്ചിനീയർ, PWD (ഇലക്ട്രിക്കൽ), | അംഗം |
| 4 | സൂപ്രണ്ടിംഗ് എഞ്ചിനീയർ, LSGD, തിരുവനന്തപുരം നഗരസഭ | അംഗം |
| 5 | ജില്ലാ ടൗൺ പ്ലാനർ | അംഗം |
| 6 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD Roads, TVM | അംഗം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/171/2023-ധന(2503923), dated 13.11.2024)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 26-11-2024 10:43:02
സെക്ഷൻ ഓഫീസർ